# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുന്നയൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.11)684/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നയൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുന്നയൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നയൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.11)684/2022. തീയ്യതി: 03/07/2022

## തൃശ്ശൂർ ജില്ലയിലെ പുന്നയൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുന്നയൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ എൻ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 20-04-2022 | 30-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-04-2022 | 30-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ബേബി.പി.വി. ഓഡിറ്റ് ഓഫീസർ
2) മീര.ടി. ഓഡിറ്റ് ഓഫീസർ
3) ഷൈനി കൃഷ്ണദാസ്. അസി. ഓഡിറ്റ് ഓഫീസർ
4) ജോമോൻ. ഇ.കെ. അസി. ഓഡിറ്റ് ഓഫീസർ
5) അനീറ്റ ഡോമനിക്, ഓഡിറ്റർ
6) സ്വാലിഹ്. സി.പി. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബുഷറ കുന്നമ്പത്ത് | പ്രസിഡന്റ് | 01-04-2020 | 05-11-2021 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 06-11-2020 | 29-12-2020 |
| ടി.വി. സുരേന്ദ്രൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| സുഭാഷ്.പി.ബി | സെക്രട്ടറി | 01-04-2020 | 19-02-2021 |
| ഷിപുദാസ്.കെ. | സെക്രട്ടറി | 20-02-2021 | 05-03-2021 |
| സുരേഷ് ബാബു ചിറ്റഴി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുരേഷ് ബാബു ചിറ്റഴി | അസി സെക്രട്ടറി | 01-04-2020 | 31-03-2021 |
| സാൻജോ പി.സി. | അസി എഞ്ചിനീയർ | 01-04-2020 | 14-07-2020 |
| അനീഷ്യ കെ.എസ്. | അസി.എഞ്ചിനീയർ | 15-07-2020 | 23-08-2020 |
| നിനാദ് കെ.ആർ. | അസി.എഞ്ചിനീയർ | 24-08-2020 | 31-03-2021 |
| ഷെക്കീർ | വി.ഇ.ഒ- പുന്നയൂർ | 01-04-2020 | 31-03-2021 |
| പ്രമോദ് പി.ആർ. | വി.ഇ.ഒ-എടക്കഴിയൂർ | 01-04-2020 | 31-03-2021 |
| രമ്യ വി.എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സൌമ്യ | മെഡിക്കൽ ഓഫീസർ,PHC | 01-04-2020 | 31-12-2020 |
| ഡോ.അനൂപ് | മെഡിക്കൽ ഓഫീസർ,PHC | 01-01-2021 | 31-03-2021 |
| ഡോ.രാഖി.എൻ. | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഫാത്തിമ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ആരതി കൃഷ്ണ | ഐ.സി.ഡി.എസ് (ഇൻ-ചാർജ്ജ്) | 01-04-2020 | 20-11-2020 |
| സുലോചന കെ.വി. | ഐ.സി.ഡി.എസ് (ഇൻ-ചാർജ്ജ്) | 21-11-2020 | 31-03-2021 |
| ശാന്ത പി.ടി. | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ഡോ മിഥുൻ | വെറ്ററിനറി സർജൻ | 01-04-2020 | 01-02-2021 |
| ഡോ.അലന്റീന | വെറ്ററിനറി സർജൻ | 02-02-2021 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.V.Baby (Audit Officer, On 06-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Swalih C.P (Auditor, On 07-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Swalih C.P (Auditor, On 07-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Anita Dominic (Auditor, On 07-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.V.Baby (Audit Officer, On 06-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.V.Baby (Audit Officer, On 06-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Anita Dominic (Auditor, On 07-05-2022)<br>Last Updated By: Anita Dominic (Auditor, On 28-05-2022) | 1-7 |
| 8 | ക്ഷേമപെൻഷനുകൾ<br>Written By: P.V.Baby (Audit Officer, On 07-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം സംവിധാനം.<br>Written By: P.V.Baby (Audit Officer, On 06-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.V.Baby (Audit Officer, On 06-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Anita Dominic (Auditor, On 11-05-2022)<br>Last Updated By: Anita Dominic (Auditor, On 11-05-2022) | 1-11 |
| 12 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല<br>Written By: Swalih C.P (Auditor, On 31-05-2022)<br>Last Updated By: Swalih C.P (Auditor, On 31-05-2022) | 1-11-1 |
| 13 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Anita Dominic (Auditor, On 11-05-2022)<br>Last Updated By: Anita Dominic (Auditor, On 11-06-2022) | 1-11-2 |
| 14 | വസ്തുനികുതി ഡി സി ബി ഹാജരാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 11-05-2022)<br>Last Updated By: Anita Dominic (Auditor, On 11-05-2022) | 1-11-3 |
| 15 | വസ്തുനികതി - കൃത്യസമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: Anita Dominic (Auditor, On 11-05-2022)<br>Last Updated By: Anita Dominic (Auditor, On 11-05-2022) | 1-11-4 |
| 16 | "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിലെ തുക വ്യത്യാസപ്പെട്ടിരിക്കുന്നു<br>Written By: Anita Dominic (Auditor, On 11-05-2022)<br>Last Updated By: Anita Dominic (Auditor, On 11-05-2022) | 1-11-5 |

| | | |
|---|---|---|
| 17 | വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Anita Dominic (Auditor, On 11-05-2022)<br>Last Updated By: Anita Dominic (Auditor, On 11-05-2022) | 1-11-6 |
| 18 | മുൻകൂർ തുകയുടെ കണക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തുകയോ ചെയ്തിട്ടില്ല<br>Written By: Anita Dominic (Auditor, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-11-7 |
| 19 | സംശയാസ്പദമായ തുക കണക്കാക്കി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Anita Dominic (Auditor, On 11-05-2022)<br>Last Updated By: Anita Dominic (Auditor, On 11-05-2022) | 1-11-8 |
| 20 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ<br>Written By: P.V.Baby (Audit Officer, On 31-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-11-9 |
| 21 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു<br>Written By: P.V.Baby (Audit Officer, On 31-05-2022)<br>Last Updated By: P.V.Baby (Audit Officer, On 31-05-2022) | 1-11-10 |
| 22 | ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 11-05-2022)<br>Last Updated By: Anita Dominic (Auditor, On 11-05-2022) | 1-11-11 |
| 23 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Swalih C.P (Auditor, On 31-05-2022)<br>Last Updated By: Swalih C.P (Auditor, On 31-05-2022) | 1-11-12 |
| 24 | ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 11-05-2022)<br>Last Updated By: Anita Dominic (Auditor, On 11-05-2022) | 1-11-13 |
| 25 | ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Anita Dominic (Auditor, On 11-05-2022)<br>Last Updated By: Anita Dominic (Auditor, On 11-05-2022) | 1-11-14 |
| 26 | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Anita Dominic (Auditor, On 11-05-2022)<br>Last Updated By: Anita Dominic (Auditor, On 11-05-2022) | 1-11-15 |
| 27 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ - ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-11-16 |
| 28 | ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല<br>Written By: Anita Dominic (Auditor, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-11-17 |
| 29 | പ്രതിമാസ റീ കൺസിലിയേഷൻ പത്രികകൾ തയ്യാറാക്കുന്നില്ല<br>Written By: Swalih C.P (Auditor, On 31-05-2022)<br>Last Updated By: Swalih C.P (Auditor, On 31-05-2022) | 1-11-18 |
| 30 | മുൻകൂർ നൽകുമ്പോൾ തന്നെ ചെലവ് ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തുന്നു<br>Written By: Anita Dominic (Auditor, On 12-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-11-19 |
| 31 | ബി ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: P.V.Baby (Audit Officer, On 31-05-2022)<br>Last Updated By: P.V.Baby (Audit Officer, On 31-05-2022) | 1-11-20 |
| 32 | മെയിന്റനൻസ് നോൺ റോഡ് ACR വാർഷിക കണക്കുമായി | 1-11-21 |

| | | |
|---|---|---|
| | പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 12-05-2022)<br>Last Updated By: Anita Dominic (Auditor, On 12-05-2022) | |
| 33 | സാമൂഹ്യ ക്ഷേമ പെൻഷനുകൾ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Anita Dominic (Auditor, On 12-05-2022)<br>Last Updated By: Anita Dominic (Auditor, On 12-05-2022) | 1-11-22 |
| 34 | വരവിനങ്ങളുടെ ഡിസിബി തയ്യാറാക്കി രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 12-05-2022)<br>Last Updated By: Anita Dominic (Auditor, On 12-05-2022) | 1-11-23 |
| 35 | പാർട്ട് ബില്ലുകൾ നൽകിയ പ്രവൃത്തികൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Anita Dominic (Auditor, On 12-05-2022)<br>Last Updated By: Anita Dominic (Auditor, On 12-05-2022) | 1-11-24 |
| 36 | ഫൈനൽ ബിൽ നല്കിയ പ്രവർത്തികളുടെ വിവരം Capital Contribution ൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Anita Dominic (Auditor, On 12-05-2022)<br>Last Updated By: Anita Dominic (Auditor, On 12-05-2022) | 1-11-25 |
| 37 | ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Anita Dominic (Auditor, On 12-05-2022)<br>Last Updated By: Anita Dominic (Auditor, On 12-05-2022) | 1-11-26 |
| 38 | സാധനങ്ങൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ സ്റ്റോക്ക് മൂല്യം 0 ആണ്.<br>Written By: Anita Dominic (Auditor, On 12-05-2022)<br>Last Updated By: Anita Dominic (Auditor, On 12-05-2022) | 1-11-27 |
| 39 | ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള DCB വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 12-05-2022)<br>Last Updated By: Anita Dominic (Auditor, On 12-05-2022) | 1-11-28 |
| 40 | തൊഴിലുറപ്പ് പദ്ധതി-വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 12-05-2022)<br>Last Updated By: Anita Dominic (Auditor, On 31-05-2022) | 1-11-29 |
| 41 | ബജറ്റ് - അപാകതകൾ<br>Written By: P.V.Baby (Audit Officer, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-12 |
| 42 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി<br>Written By: P.V.Baby (Audit Officer, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-13 |
| 43 | വസ്തു നികുതി അപാകതകൾ<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-14 |
| 44 | റദ്ദാക്കിയ സംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല.<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-14-1 |
| 45 | പൊളിച്ച് മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത.<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-14-2 |
| 46 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-14-3 |
| 47 | അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത<br>Written By: Swalih C.P (Auditor, On 05-05-2022) | 1-14-4 |

| | | |
|---|---|---|
| | Last Updated By: P.V.Baby (Audit Officer, On 03-07-2022) | |
| 48 | വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ.<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-14-5 |
| 49 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-15 |
| 50 | സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-15-1 |
| 51 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-15-2 |
| 52 | റേഷൻ കടകൾ, കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: Swalih C.P (Auditor, On 05-05-2022) | 1-15-3 |
| 53 | തൊഴിൽ നികുതി രജിസ്റ്റർ -അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: Swalih C.P (Auditor, On 05-05-2022) | 1-15-4 |
| 54 | ലൈസൻസ് -അപാകങ്ങൾ<br>Written By: Anita Dominic (Auditor, On 12-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-16 |
| 55 | തീരദേശ അതോറിറ്റിയുടെ അനുമതി ലഭ്യമാക്കേണ്ടതാണ്<br>Written By: Anita Dominic (Auditor, On 12-05-2022)<br>Last Updated By: Anita Dominic (Auditor, On 31-05-2022) | 1-17 |
| 56 | പെർമ്മിറ്റ് - അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പാക്കേണ്ടതാണ്<br>Written By: Anita Dominic (Auditor, On 12-05-2022)<br>Last Updated By: Anita Dominic (Auditor, On 31-05-2022) | 1-18 |
| 57 | ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെ പദ്ധതികളിലെ അപാകങ്ങൾ<br>Written By: Anita Dominic (Auditor, On 12-05-2022)<br>Last Updated By: Anita Dominic (Auditor, On 31-05-2022) | 1-19 |
| 58 | ഇ -ടെണ്ടർ ഫി പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.<br>Written By: P.V.Baby (Audit Officer, On 06-05-2022)<br>Last Updated By: P.V.Baby (Audit Officer, On 06-05-2022) | 1-20 |
| 59 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: P.V.Baby (Audit Officer, On 06-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-21 |
| 60 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം,ലേല നടപടി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: P.V.Baby (Audit Officer, On 06-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-22 |
| 61 | കാലി ബാരലിന്റെ വില ബില്ലിൽ കുറവ് ചെയ്തിട്ടില്ല.<br>Written By: P.V.Baby (Audit Officer, On 06-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-23 |
| 62 | കോസ്റ്റ് ഫോർഡിനെ ഏല്പിച്ച ജോലികൾ സമയ ബന്ധിതമായി പൂർത്തികരിക്കുന്നില്ല.<br>Written By: P.V.Baby (Audit Officer, On 06-05-2022)<br>Last Updated By: P.V.Baby (Audit Officer, On 06-05-2022) | 1-24 |
| 63 | പൊതുമരാമത്തു പ്രവൃത്തികൾ - പൊതു പരാമർശം.<br>Written By: P.V.Baby (Audit Officer, On 06-05-2022)<br>Last Updated By: P.V.Baby (Audit Officer, On 06-05-2022) | 1-25 |
| 64 | ലീഗൽ ചാർജ്ജസ്- സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Jomon E K (Asst. Audit Officer, On 11-05-2022)<br>Last Updated By: Jomon E K (Asst. Audit Officer, On 11-05-2022) | 1-26 |

| | | |
|---|---|---|
| 65 | ലോഗ് ബുക്ക് പരിപാലനം-അപാകതകൾ<br>Written By: Jomon E K (Asst. Audit Officer, On 11-05-2022)<br>Last Updated By: Jomon E K (Asst. Audit Officer, On 11-05-2022) | 1-27 |
| 66 | ബൈലോക്ക് അംഗീകാരം ലഭ്യമാക്കിയിട്ടില്ല.<br>Written By: Jomon E K (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-28 |
| 67 | തൊഴിലുറപ്പ് പദ്ധതി പൊതു അവലോകനം<br>Written By: Jomon E K (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-29 |
| 68 | രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Meera T (Audit Officer, On 12-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-30 |
| 69 | ജല സുരക്ഷ - കിണർ റീചാർജ്ജ് -തൊഴിലുറപ്പ് പദ്ധതിയിൽ കൂട്ടതലായി ഉൾപ്പെടുത്തണം .<br>Written By: Jomon E K (Asst. Audit Officer, On 12-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-31 |
| 70 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-32 |
| 71 | തെരുവ് വിളക്ക് പരിപാലനം - അപാകതകൾ<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 12-05-2022) | 1-33 |
| 72 | അംഗൻവാടികൾക്ക് സ്ഥലം വാങ്ങൽ-വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 12-05-2022) | 1-34 |
| 73 | കരാറിൽ സെക്രട്ടറി ഒപ്പ് വെയ്ക്കുന്നില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-35 |
| 74 | വാർഡ് 7 ഗ്രാമകേന്ദ്രത്തിലേക്ക് ഫർണ്ണിച്ചർ - പദ്ധതിയിലെ അപാകതകൾ<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-36 |
| 75 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-37 |
| 76 | കന്നുകുട്ടി പരിപാലനപരിപാടി - ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം തിരികെ ഈടാക്കേണ്ടതാണ്<br>Written By: Jomon E K (Asst. Audit Officer, On 16-05-2022)<br>Last Updated By: Jomon E K (Asst. Audit Officer, On 16-05-2022) | 1-38 |
| 77 | ഗുണഭോക്താക്കൾക്ക് പരിശീലനം നൽകണം<br>Written By: Jomon E K (Asst. Audit Officer, On 17-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-39 |
| 78 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കണം<br>Written By: Jomon E K (Asst. Audit Officer, On 17-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-40 |
| 79 | ധനകാര്യ കമ്മീഷൻ ഫണ്ട് വിനിയോഗം മാർഗ്ഗരേഖ പ്രകാരമല്ല<br>Written By: Jomon E K (Asst. Audit Officer, On 17-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-41 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jomon E K (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jomon E K (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Jomon E K (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: Jomon E K (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jomon E K (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jomon E K (Asst. Audit Officer, On 11-05-2022)<br>Last Updated By: Jomon E K (Asst. Audit Officer, On 11-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jomon E K (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jomon E K (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jomon E K (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 4-9 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 30.3.2020 | 1(1) | 449809810 | 452165402 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| - | - | 210359878 | 237769397 |

ബജറ്റ് സംബന്ധിച്ചുള്ള അപാകങ്ങൾ ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-12 ൽ ചേർത്തിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 10-08-2021 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 44540673.23 |
| വരവ് | 89749463 |
| ആകെ | 134290136.23 |
| ചെലവ് | 116955299 |
| നീക്കിയിരിപ്പ് | 17334837.23 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ ബി | വരവ് | ആകെ | ചെലവ് | സി ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 22376404 | 22376404 | 21873833 | 502571 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6326176 | 6326176 | 4951956 | 1374220 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8703000 | 8703000 | 8673745 | 29225 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 7669633 | 7669633 | 4545639 | 3123994 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഫണ്ട്) | 0 | 16953947 | 16953947 | 9142253 | 7811694 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7830000 | 7830000 | 903109 | 6926891 |

## 1-5 പദ്ധതി അവലോകനം

2020-21 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 244 | 140105032 | 155 | 69707060 | 74 | 81 | 63.52 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 462376 | 1337640 | 1800016 | 1792016 | 8000 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് +മെറ്റിരീയൽ കോസ്റ്റ് | 0 | 39444342 | 39444342 | 39444342 | 0 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.04.2022 തീയതിയിൽ 3.15 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7909/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3519000 | 231 |
| വിധവാ പെൻഷൻ | 24676800 | 1536 |
| വാർദ്ധക്യകാലപെൻഷൻ | 25282400 | 1536 |
| വികലാംഗ പെൻഷൻ | 6347800 | 402 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 710000 | 46 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 330000 | 10 |

## 1-9 ആഭ്യന്തര നിയന്ത്രണം സംവിധാനം.

തനത് ഫണ്ട് വൗച്ചറുകൾ ഏറെകുറെ കൃത്യതയോടെ ഫയൽ ചെയ്ത് സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവൃത്തിക്കുന്നുണ്ട്.രജിസ്റ്ററുകൾ പലതും കൃത്യമായി എഴുതി സൂക്ഷിക്കുകയോ ആയതിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.(ഉദാ.ഡെപ്പോസിറ്റ്, മുൻകൂർ രജിസ്റ്ററുകൾ) ബജറ്റ് തയ്യാറാക്കുന്നതിൽ സത്വര ശ്രദ്ധ ചെലുത്തുന്നില്ല. റിവൈസ്ഡ് ബജറ്റ് അവതരിപ്പിക്കുന്നില്ല.(ഖണ്ഡിക 1- 12 കാണുക) പ്രസിഡണ്ടിന്റെ പേരിൽ ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപികരിച്ചിട്ടില്ല.ഭിന്നശേഷിക്കാർക്കായി നിർമ്മിച്ചിട്ടുള്ള റാമ്പ് ഉപയോഗയോഗ്യമായി നിലവിൽ പ്രവർത്തിക്കുന്നതായി കാണുന്നില്ല. റാമ്പിലെ തടസ്സം നീക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.പദ്ധതി നിർവ്വഹണ,പൂർത്തീകരണ ഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉള്ളതായി കാണുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുവാൻ ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.2.2022 | 1.4.2021 – 31.12.2021 | |
| അക്കൗണ്ടന്റ് ജനറൽ | 25.10.2016 – 31.10.2016 | 2013-14 – 2015-16 | |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-11-1 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-11-2 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

### 1-11-3 വസ്തുനികുതി ഡി സി ബി ഹാജരാക്കിയിട്ടില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ

തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി റസിഡൻഷ്യൽ നോൺ റസിഡൻഷ്യൽ എന്നിങ്ങനെ തിരിച്ച്ഹാജരാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകകളിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-11-4 വസ്തുനികതി - കൃത്യസമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ പുന്നയൂർ ഗ്രാമപഞ്ചായത്തിൽ 427 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1 തവണ മാത്രം (12/1/21,31/3/21 എന്നീ തീയ്യതികളിൽ ) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-5 "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിലെ തുക വ്യത്യാസപ്പെട്ടിരിക്കുന്നു

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 2043962/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 97332 ആണ്. എന്നാൽ ഈ ശീർഷകത്തിൽ 100011/- രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-11-6 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. മറിച്ച് വാർഷികകണക്കിലെ വിവിധ പത്രികകളിലെ വർഷാന്ത്യ തുകകൾ പ്രിന്റ് എടുത്ത് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കുകയാണ് ചെയ്തിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

5. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

6. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-11-7 മുൻകൂർ തുകയുടെ കണക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തുകയോ ചെയ്തിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ | 350410102-Advance Collection Of | 47,380 |

| | | | |
|---|---|---|---|
| | നികുതി | Revenues-Profession Tax/ Inst/trad/prof | |
| 2. | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 50,500 |

## 1-11-8 സംശയാസ്പദമായ തുക കണക്കാക്കി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-11-9 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (22335) |
| 280100104-Prior Period Income-Property Tax On Non Residential Buildings | (7536) |
| 280200401-Prior Period Income-Other Income | (1110) |
| 280800201-Prior Period – Administrative Expenses | (183303) |
| 280800301-Prior Period – Operation And Maintenance Expenses | (167826) |
| 280800601-Prior Period – Revenue Grants And Contributions | (805192) |

## 1-11-10 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-11 ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിച്ചില്ല.

## 1-11-12 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് (27205836) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 26058856/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-11-13 ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല

2020-21 വർഷത്തെ Income And Expenditure പത്രിക പ്രകാരം ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല.

## 1-11-14 ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം 'o' ആണ് എങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ))

## 1-11-15 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് കണക്കുകൾ പരിശോധിക്കുന്നതിനായി രജിസ്റ്ററുകൾ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കാത്തതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-11-16 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ - ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | - | Joint Venture | 989657 | 450650109 | Joint Venture | 1000000 |
| 2 | 350200301 | Recoveries Payable-Covid | 366944 | 450450110 | Covid- CFLTC-STSB | 65420 |

## 1-11-17 ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|---|
| 1 | 450410102 | SBI (Literacy) 10351807838 | 3741.81 |
| 2 | 450410103 | SBI (OAP) 57008825896 | 2749 |
| 3 | 450410101 | SBI (MGNREGS) 30387996299 | 8000 |

## 1-11-18 പ്രതിമാസ റീ കൺസിലിയേഷൻ പത്രികകൾ തയ്യാറാക്കുന്നില്ല

ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1. SBI( 10351821047) , SBI (MGNREGS), SBI (Literacy) എന്നീ അക്കൗണ്ടുകളുടെ മെയ് 2020മുതൽ ഫെബ്രുവരി 2021 റീ കൺസിലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല.

2. SBI (10351821047), SBI (Literacy) – ഈ അക്കൗണ്ടുകളിൽ നിർജ്ജീവ അക്കൗണ്ട് ആണെങ്കിൽ ക്ലോസ് ചെയ്യേണ്ടതാണ്.

3. SBT -OAP (57008825896)– നിർജ്ജീവ അക്കൗണ്ട് ആണെങ്കിൽ ക്ലോസ് ചെയ്യേണ്ടതാണ് എന്ന് 2018-19 റിപ്പോർട്ടിൽ ഖ . 2-10 ൽ പരാമർശിച്ചിട്ടുണ്ട്. അക്കൗണ്ടിന്റെ ബാങ്ക് പാസ്സ് ബുക്ക് , സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പ്രതിമാസ റീ കൺസിലിയേഷൻ പത്രികകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

4. LGTSB – April 2020 റീ കൺസിലിയേഷൻ പത്രികയില്ല.

5 TSB Joint Venture – January 2021, February 2021 റീ കൺസിലിയേഷൻ പത്രികയില്ല.

## 1-11-19 മുൻകൂർ നൽകുമ്പോൾ തന്നെ ചെലവ് ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തുന്നു

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ് ,ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം , മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ,ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു.മാത്രമല്ല മുൻകൂർ

രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതുമില്ല.ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്ട് | വൌച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 29/21 | 22000882/15.06.2020 | 94288 | 412010101 – Capital Work In Progress | 460500202-Advance To Implementing Agencies-KSEB<br>Street Line Extension And Shifting Post |

## 1-11-20 ബി ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

ബി ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-11-21 മെയിന്റനൻസ് നോൺ റോഡ് ACR വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

മെയിന്റനൻസ് നോൺ റോഡ് , ACR പ്രകാരം 454 5639/- രൂപയാണ്. AFS പ്രകാരം 4559696/-രൂപയാണ്. വ്യത്യാസത്തിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-11-22 സാമൂഹ്യ ക്ഷേമ പെൻഷനുകൾ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-11-23 വരവിനങ്ങളുടെ ഡിസിബി തയ്യാറാക്കി രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

റസീപ്റ്റ് ആന്റ് പേയ്മെന്റ് RP -4ഷെഡ്യൂൾ പ്രകാരമുള്ള ഡി ആൻറ് ഒ ലൈസൻസ്, പെർമിറ്റ്, പാരാമെഡിക്കൽ ലൈസൻസ് എന്നീ വരവിനങ്ങൾ ഒഴികെയുള്ള വരവിനങ്ങളുടെ ഡിസിബി തയ്യാറാക്കി രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

റസീപ്റ്റ് ആന്റ് പേയ്മെന്റ് RP -5ഷെഡ്യൂൾ പ്രകാരമുള്ള വരവിനങ്ങളുടെ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-11-24 പാർട്ട് ബില്ലുകൾ നൽകിയ പ്രവൃത്തികൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021 ൽ പണിപൂർത്തീകരിക്കാത്തതുമായ എല്ലാ പ്രവത്തികളുടെയും വിവരം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തു കാണുന്നില്ല.
ഉദാ:- പ്രൊജക്ട് നം. 46/21, 61/21, 187/21, 203/21

## 1-11-25 ഫൈനൽ ബിൽ നല്കിയ പ്രവർത്തികളുടെ വിവരം Capital Contribution ൽ ഉൾപ്പെടുത്തിയിട്ടില്ല

* ഫൈനൽ ബിൽ നല്കി എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തവ Capital Contribution ൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ:- പ്രൊജക്ട് നം. 138/20-21, 111/20-21

*പ്രൊജക്ട് നം. 107/21-മന്ദലംകുന്ന് GFUP സ്കൂളിന്റെ ഒന്നാം നിലയുടെ കൺസ്ട്രക്ഷന് ഫൈനൽ ബിൽ നല്കിയതായി അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നല്കിയിട്ടുണ്ട്. ആദ്യ പാർട്ട് ബിൽ തുകയായ 265362 രൂപ 08.12.2020 ൽ നല്കിയിട്ടുണ്ട്. (V. No. 22000721). ആയത് 20.02.2021 ൽ Capital Contribution ലേക്ക് മാറ്റിയപ്പോൾ 263362/-(V.No. 42000333) രൂപയുടെ വിവരം മാത്രമാണ് ലഡ്ജറിൽ ഉള്ളത്. ബാക്കി തുക നല്കിയതിന്റെ വിവരം ലഡ്ജറിൽ ലഭ്യമല്ല.

## 1-11-26 ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

വായ്പ ഇനത്തിൽ മുൻബാക്കി 24132829 രൂപയുണ്ട്. ആയതിൽ 2985020 രൂപ ജി.ഒ. പ്രൊജക്ട് പ്രകാരം തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. ആയത് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

31/3/2021 ൽ 21147809 രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-11-27 സാധനങ്ങൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ സ്റ്റോക്ക് മൂല്യം 0 ആണ്.

പ്രൊജക്ട് നം. 32/21 പ്രകാരം ചെലവ് - 199800/- സാധനങ്ങൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. മൂല്യം കണക്കാക്കി എഴുതിയിട്ടില്ല.
വാർഷിക കണക്കിൽ സ്റ്റോക്ക് മൂല്യം 0 ആണ്.

## 1-11-28 ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള DCB വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പ്രകാരം ഡിമാന്റ് & കളക്ഷൻ 241600/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഡിമാന്റ് & കളക്ഷൻ 241760 രൂപയാണ്.

## 1-11-29 തൊഴിലുറപ്പ് പദ്ധതി-വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യു ചെലവും 41244358 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ 8057000/- രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. പ്രസ്തുത തുക കാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല.

## 1-12 ബജറ്റ് - അപാകതകൾ

പഞ്ചായത്തിലെ വാർഷിക ബജറ്റുമായി ബന്ധപ്പെട്ട വിവിധ രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5)- ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഉചിതമായ ബജറ്റ് വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും. ചെലവിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവ് അല്ലെങ്കിൽ വർക്ക് ഓർഡർ നൽകികൊണ്ട് ഒരു ചെലവും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവോ വർക്ക് ഓർഡറോ സെക്രട്ടറി പുറപ്പെടുവിക്കാൻ പാടില്ല. ചെലവ് ചെയ്യുകയാണെങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ വഴി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ/ വകയിരുത്താതെ തുക ചെലവഴിക്കേണ്ടി വന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A) ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചു.

| ശീർഷകം | ഇനം | ബജറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|---|
| 2501002 | Agriculture And Related Sector – Other Crops | 1200000 | 2293617 |
| 2501003 | Agricultural Development Programmes | 0 | 840000 |
| 2501033 | Animal Husbandry- Buffalo | 0 | 15000 |
| 2502004 | Minor Irrigation – Providing Individual Facilities | 0 | 28100 |
| 2510115 | Literacy Equivalence Examination | 200000 | 400000 |
| 2511003 | High School Education | 0 | 123000 |
| 2511011 | Continuing Education And Non-Formal Education | 60000 | 113500 |
| 2513006 | Programmes For Physically/ Mentally Challenged | 2700000 | 3080438 |
| 2513011 | Special Programmes For Scheduled Tribes | 343425 | 535645 |
| 2514102 | Other Nutrition Distribution Programmes | 0 | 48492 |
| 2531004 | Supplementary Nutritional Programmes Through Anganwadis | 50000 | 743607 |
| 2531007 | Integrated Five Year Programmes | 0 | 100000 |
| 2552011 | Maintenance Projects –Non Road Assets – Transferred Institution- General Education | 1056383 | 1419582 |

B) ബജറ്റിൽ ഉൾപ്പെടാത്ത ചെലവുകൾ നടത്തി

| ശീർഷകം | ഇനം | ബജറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|---|
| 2501052 | Inland Pisciculture | - | 42797 |
| 2503015 | Service Enterprises | - | 102347 |

അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 17/27.4.2022 ന് മറുപടി ലഭ്യമാക്കിയില്ല. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

2. 2020-21 സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനമില്ല.

## 1-13 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2020 ലെ മരണറിപ്പോർട്ട് രജിസ്റ്റർ നമ്പർ 1 മുതൽ 100 (1.1.2020 മുതൽ 31.7.2020 വരെയുള്ള തീയതികളിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തത്) വരെയുള്ളവരുടെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ/ തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക | ആകെ | |
| 1 | ഹുസൈൻ ഹാജി.എം.ടി | 107150200789 | വാർദ്ധക്യ കാല പെൻഷൻ | 28.12.2019 | 8/2020 14.1.2020 | ആക്ടീവ് | 1/20-3/21 | 1500 | 22500 | 43300 |
| | | | | | | | 4/21-4/22 | 1600 | 20800 | |
| 2 | മൊയ്തുണ്ണി | 107150201977 | വാർദ്ധക്യ കാല പെൻഷൻ | 18.1.2020 | 29/2020 17.2.2020 | ആക്ടീവ് | 2/20-10/20 | 1500 | 13500 | 13500 |
| 3 | കുമാരൻ | 107180100435 | കർഷക തൊഴിലാളി പെൻഷൻ | 31.12.2019 | 30/2020 22.2.2020 | സസ് പെൻഡ് | 1/20-3/20 | 1200 | 3600 | 25000 |
| | | | | | | | 4/20-8/20 | 1300 | 6500 | |
| | | | | | | | 9/20-12/20 | 1400 | 5600 | |
| | | | | | | | 1/21-3/21 | 1500 | 4500 | |
| | | | | | | | 4/21-6/21 | 1600 | 4800 | |
| 4 | കുഞ്ഞായിസു യൂസഫ് | 107150601429 | വിധവ പെൻഷൻ | 10.2.2020 | 35/2020 7.3.2020 | ആക്ടീവ് | 3/20 | 1200 | 1200 | 38600 |
| | | | | | | | 4/2-18/20 | 1300 | 6500 | |
| | | | | | | | 9/20-12/20 | 1400 | 5600 | |
| | | | | | | | 1/21-3/21 | 1500 | 4500 | |
| | | | | | | | 4/21-4/22 | 1600 | 20800 | |
| 5 | കെ.കെ.ബാലൻ | 107150100384 | കർഷക തൊഴിലാളി പെൻഷൻ | 22.2.2020 | 61/2020 11.5.2020 | ആക്ടീവ് | 3/20 | 1200 | 1200 | 38600 |
| | | | | | | | 4/20-8/20 | 1300 | 6500 | |
| | | | | | | | 9/20-12/20 | 1400 | 5600 | |
| | | | | | | | 1/21-3/21 | 1500 | 4500 | |
| | | | | | | | 4/21-4/22 | 1600 | 20800 | |
| 6 | ഗംഗാധരൻ.വി.എം | 2220264155 | അഗ്രി കൾച്ചർ പെൻഷൻ | 2.4.2020 | 62/2020 13.5.2020 | ആക്ടീവ് | 5/20-8/20 | 1300 | 5200 | 36100 |
| | | | | | | | 9/20-12/20 | 1400 | 5600 | |
| | | | | | | | 1/21-3/21 | 1500 | 4500 | |
| | | | | | | | 4/21-4/22 | 1600 | 20800 | |
| 7 | ചന്ദ്രൻ.സി.കെ | 107150100369 | കർഷക തൊഴിലാളി പെൻഷൻ | 20.4.2020 | 63/2020 13.5.2020 | സസ് പെൻഡ് | 5/20-8/20 | 1300 | 5200 | 12300 |
| | | | | | | | 9/20-12/20 | 1400 | 5600 | |
| | | | | | | | 1/21 | 1500 | 1500 | |
| 8 | മുഹമ്മദ് അലി | 107150202028 | വാർദ്ധക്യ കാല പെൻഷൻ | 19.4.2020 | 76/2020 2.6.2020 | ആക്ടീവ് | 5/20-8/20 | 1300 | 5200 | 36100 |
| | | | | | | | 9/20-12/20 | 1400 | 5600 | |
| | | | | | | | 1/21-3/21 | 1500 | 4500 | |
| | | | | | | | 4/21-4/22 | 1600 | 20800 | |
| 9 | കുഞ്ഞിത്തുമ്മ | 107150201167 | വാർദ്ധക്യ കാല പെൻഷൻ | 12.5.2020 | 78/2020 4.6.2020 | ആക്ടീവ് | 6/20-3/21 | 1500 | 15000 | 35800 |
| | | | | | | | 4/21-4/22 | 1600 | 20800 | |
| 10 | കുഞ്ഞിമോൾ | 107150201684 | വാർദ്ധക്യ കാല പെൻഷൻ | 8.6.2020 | 83/2020 8.7.2020 | ആക്ടീവ് | 7/20-8/20 | 1300 | 2600 | 33500 |
| | | | | | | | 9/20-12/20 | 1400 | 5600 | |
| | | | | | | | 1/21-3/21 | 1500 | 4500 | |
| | | | | | | | 4/21-4/22 | 1600 | 20800 | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 11 | വാസു | 107150201859 | വാർദ്ധക്യ കാല പെൻഷൻ | 14.6.2020 | 84/2020 8.7.2020 | സസ് പെൻഡ് | 7/20-8/20 | 1300 | 2600 | 8200 |
| | | | | | | | 9/20-12/20 | 1400 | 5600 | |
| 12 | കെ.വി മൊയ്തീൻ | 2220264473 | അഗ്രി കൾച്ചർ പെൻഷൻ | 2.5.2020 | 87/2020 13.7.2020 | ആക്ടീവ് | 6/20-8/20 | 1300 | 3900 | 34800 |
| | | | | | | | 9/20-12/20 | 1400 | 5600 | |
| | | | | | | | 1/21-3/21 | 1500 | 4500 | |
| | | | | | | | 4/21-4/22 | 1600 | 20800 | |
| 13 | ഹുസൈൻ | 107150201924 | വാർദ്ധക്യ കാല പെൻഷൻ | 25.5.2020 | 88/2020 13.7.2020 | ആക്ടീവ് | 6/20-8/20 | 1300 | 3900 | 34800 |
| | | | | | | | 9/20-12/20 | 1400 | 5600 | |
| | | | | | | | 1/21-3/21 | 1500 | 4500 | |
| | | | | | | | 4/21-4/22 | 1600 | 20800 | |
| 14 | മൊയ്തു | 107150201104 | വാർദ്ധക്യ കാല പെൻഷൻ | 22.5.2020 | 89/2020 13.7.2020 | ആക്ടീവ് | 6/20-3/21 | 1500 | 15000 | 35800 |
| | | | | | | | 4/21-4/22 | 1600 | 20800 | |
| 15 | കദീജ | 107130600066 | വിധവ പെൻഷൻ | 25.5.2020 | 90/2020 14.7.2020 | സസ് പെൻഡ് | 6/20-8/20 | 1300 | 3900 | 6700 |
| | | | | | | | 9/20-10/20 | 1400 | 2800 | |
| 16 | അബൂബക്കർ | 107150202090 | വാർദ്ധക്യ കാല പെൻഷൻ | 24.5.2020 | 94/2020 20.7.2020 | ആക്ടീവ് | 6/20-8/20 | 1300 | 3900 | 6700 |
| | | | | | | | 9/20-10/20 | 1400 | 2800 | |

ആകെ 439800

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. പുന്നയൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 29/ 29.4.2022 ന് ലഭ്യമാക്കിയ മറുപടിയിൽ മരണശേഷവും പെൻഷൻ നൽകി വന്നിരുന്ന ആക്ടീവ് ഗുണഭോക്താക്കളെ ഇപ്പോൾ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും അധികമായി അനുവദിച്ചിട്ടുള്ള തുക പിഴയടക്കം തിരികെ അടവാക്കുന്നതിനു ഗുണഭോക്താക്കൾക്ക് അറിയിപ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത നടപടികളോടൊപ്പം പുന്നയൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതുമാണ്. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾപ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ അനർഹമായി നൽകിയ 439800/- രൂപ എത്രയും വേഗം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 വസ്തു നികുതി അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപെട്ടു നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. വസ്തു നികുതിയുമായി ബന്ധപ്പെട്ട വിവിധ രജിസ്റ്ററുകൾ സഞ്ചയ സോഫ്റ്റ്വെയർ എന്നിവയാണ് പരിശോധനക്കായി പ്രധാനമായും ഉപയോഗപ്പെടുത്തിയത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/ 29.4.2022) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വലിയ പങ്ക ആണ് വസ്തു നികുതിക്ക് ഉള്ളത്. ആയതിനാൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ എത്രയും പെട്ടെന്നു പരിഹരിച്ചു പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കാനുള്ള നടപടികളിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14-1 റദ്ദാക്കിയ സംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല.

സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം | റദ്ദാക്കിയ സാംഖ്യ രസീത് നം/തീ | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | 10/108 | സെക്രട്ടറി , ഇവാനുൽ ഉലൂം മദ്രസ്സ | 120040104629 / 23.2.2021 | 2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 590 |

ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നും ഒഴിവാക്കാതെ ഇരിക്കുന്നത് ഗുരുതരമായ പിഴവ് ആണ്. ഇതു പഞ്ചായത്തിന് ലഭിക്കാത്ത വരുമാനം ലഭിച്ചതായി രേഖപ്പെടുത്തൽ വരൻ കാരണമാകുന്നു. ഉദാഹരണത്തിന് സഞ്ചയ പ്രകാരം മേൽ പരാമർശിച്ച

കെട്ടിടത്തിന്റെ 2021-22 വർഷത്തെ വസ്തു നികുതി അടവാക്കിയിട്ടില്ല. എന്നാൽ പ്രസ്തുത കെട്ടിടത്തിന് 2022-23 വർഷത്തെ നികുതി മാത്രമാണ് അടവാക്കാനുള്ളത് എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. റദ്ദാക്കിയ സാംഖ്യ രശീതുകൾ സഞ്ചയയിൽ നിന്ന് നീക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത രസീത് മുഖേനയുള്ള വരുമാനം പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെന്ന ഉറപ്പ് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14-2 പൊളിച്ച് മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ച് കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ 1,5,11,15 വാർഡുകളിലെ 2019-20,2020-21 വർഷത്തിൽ പൊളിച്ച് കളഞ്ഞ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന കെട്ടിടങ്ങൾ പൊളിച്ച് നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തോടെ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഫയൽ നമ്പർ/ തീയതി | കെട്ടിട നമ്പർ | പേര് | ഉപയോഗ ക്രമം | നികുതി ഒടുക്കാത്ത കാലയളവ് |
|---|---|---|---|---|---|
| 1 | A5-4379/20 28.3.2021 | 1/95 | ഗോവിന്ദൻ | പാർപ്പിടം | 2020 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | A5-4379/20 28.3.2021 | 5/306 | ഖാദർ | പാർപ്പിടം | 2020 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | A5-4379/20 28.3.2021 | 5/324 | കുഞ്ഞഹമ്മദ് | പാർപ്പിടം | 2020 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | A5-4379/20 28.3.2021 | 5/46 | കൗജ | പാർപ്പിടം | 2020 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | A5/1919/20 20.5.2020 | 15/145 | മുഹമ്മദലി | പാർപ്പിടം | 2020 ഒന്നാം അർദ്ധവർഷം |
| 6 | A3/1361 5.3.2021 | 15/431 | സുമതി | പാർപ്പിടം | 2020 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7 | A4/750/2021 6.2.2021 | 15/231 | ഉസ്മാൻ | പാർപ്പിടം | 2020 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | A4/1741 22.3.2021 | 15/13 | മൊയ്തുണ്ണി | പാർപ്പിടം | 2020 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9 | A1/936/21 16.2.2021 | 15/390 | ടി എം ഉമ്മർ | പാർപ്പിടം | 2020 രണ്ടാം അർദ്ധവർഷം |
| 10 | A1-1097/21 22.2.2021 | 15/338 | കിട്ടപ്പ | പാർപ്പിടം | 2020 രണ്ടാം അർദ്ധവർഷം |

പൊളിച്ചുകളഞ്ഞതു കൊണ്ട് നികുതി ഒഴിവാക്കി നൽകണമെന്ന് അപേക്ഷ ലഭിക്കുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഈടാക്കുന്നതിന് ഇനിമേൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-14-3 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നം | കെട്ടിട ഉടമ | ഫയൽ നം/അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 5/ 242 A | പ്രസിഡന്റ് ,എസ്.എസ്.എഫ് പുന്നയൂർ കമ്മിറ്റി | A1-1446/21 8.3.2021 | 1.4.2020-30.9.2020 |
| 2 | 5/ 242 A | പ്രസിഡന്റ് ,എസ്.എസ്.എഫ് പുന്നയൂർ കമ്മിറ്റി | A1-1446/21 8.3.2021 | 1.10.2020 – 31.3.2021 |
| 3 | 19 /492 A | കുഞ്ഞഹമ്മദ് , പറയരിക്കൽ | A4 / 1874/21 31.3.2021 | 1.4.2020-30.9.2020 |
| 4 | 19 / 492 A | കുഞ്ഞഹമ്മദ് , പറയരിക്കൽ | A4 / 1874/21 31.3.2021 | 1.10.2020-31.3.2021 |

ഇപ്രകാരം ഇളവ് നൽകിയതു മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം കണക്കാക്കി ആയത് തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14-4 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 1/337 | പാത്ത,ചള്ളിയിൽ വീട് |
| | 1/338 | |
| 2 | 2/50 | യൂസഫ് മുഹമ്മദ്, ചാക്യപറമ്പിൽ |
| | 2/51 | |
| 3 | 3/237 | ഫാത്തിമ,പുത്തൻതറയിൽ |
| | 3/238 | |
| | 3/238 A | |
| 4 | 7/210 | ഗീത വീട്ടിലകയിൽ |
| | 7/211 | |
| 5 | 9/154 | ഉമ്മർ സി, ചാലിൽകല്ലുവളപ്പിൽ |
| | 9/155 | |
| 6 | 20/109 | അബൂബക്കർ പി കെ ,കെട്ടിലിങ്ങൽ |
| | 20/110 | |
| | 20/111 | |
| | 20/112 | |
| 7 | 1/1 A | അലീമ ഉമ്മ,ആലുങ്ങൽ |
| | 1/2 | |

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14-5 വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

## 1-15 തൊഴിൽ നികുതി - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച് നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/29.04.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. താഴെ പറയുന്ന അപാകങ്ങളിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15-1 സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് | 2020-21 ഒന്നാം അർദ്ധവർഷം |
| 2 | പോസ്റ്റ് ഓഫീസ്, എടക്കര | 2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 3 | പോസ്റ്റ് ഓഫീസ്, പുന്നയൂർ | 2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

| | | |
|---|---|---|
| 4 | പോസ്റ്റ് ഓഫീസ്, മന്ദലാംകുന്ന് | 2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 5 | പോസ്റ്റ് ഓഫീസ്, കുറത്തിയൂർ | 2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 6 | കേരള സ്റ്റേറ്റ് കോ – ഓപ്പറേറ്റീവ് ബാങ്ക്, എടക്കഴിയൂർ | 2020-21 രണ്ടാം അർദ്ധവർഷം |

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15-2 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല. കുറവായി ഈടാക്കിയ തൊഴിൽ നികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243-ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്.

| ക്രമ നമ്പർ | പേര് | സ്ഥാപനം | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | ധന്യ.കെ.ആർ, ലാബ് ടെക്നിഷ്യൻ -1 | FHC , പുന്നയൂർ | ഒന്നാം അർദ്ധവർഷം | 159840 | 1250 | 1000 | 250 |
| 2 | ബിന്ദു.ഒ.ബി, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 1 | FHC , പുന്നയൂർ | ഒന്നാം അർദ്ധവർഷം | 118800 | 1000 | 750 | 250 |
| | ആകെ | | | | | | 500 |

## 1-15-3 റേഷൻ കടകൾ, കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ ഉറപ്പായും റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടാകുമെന്നിരിക്കെ അവയുടെ എണ്ണം, ഈടാക്കിയ തൊഴിൽ നികുതി എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന എല്ലാ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-15-4 തൊഴിൽ നികുതി രജിസ്റ്റർ -അപാകങ്ങൾ

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 332 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.എന്നാൽ ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം പ്രസ്തുത വർഷങ്ങളിൽ 372 പേരാണ് തൊഴിൽ നികുതി ( ട്രേഡേഴ്സ്) അടവാക്കിയിട്ടുള്ളത്.

2.പഞ്ചായത്തിലെ സ്ഥാപങ്ങൾ 2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

## 1-16 ലൈസൻസ് -അപാകങ്ങൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ. പ്രകാരം ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടം 10 ലെ പട്ടിക –II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുണ്ടായിരുന്നതിനെ, മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II - ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്.

ഒരു ദിവസത്തെ വിറ്റുവരവ് അല്ല, മറിച്ച് മൂലധനനിക്ഷേപമാണ് ലൈസൻസ് തുക നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കിയിരിക്കുന്നത്. പല അപേക്ഷകളിലും മൂലധനനിക്ഷേപം രേഖപ്പെടുത്തിക്കാണുന്നില്ല. സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം സംബന്ധിച്ച് വ്യക്തത വരുത്തി മേൽ ഉത്തരവിനനുസൃതമായി ശരിയായ ലൈസൻസ് തുക ഉറപ്പ് വരുത്താൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

(I) ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്

ട്രേഡേഴ്സ് ലിസ്റ്റിൽ 281 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. എന്നാൽ 332 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

(Ii) ലൈസൻസ് നല്കുന്നതിന് ആവശ്യമായ രേഖകളില്ല

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനം ആവശ്യമായ രേഖകൾ ഹാജരാക്കാതെയാണ് വ്യാപാര ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ളത്.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനം |
|---|---|
| 7 | ഹിഷാം അഷറഫ് – പെട്രോൾ, ഡീസൽ സ്റ്റോക്ക് ചെയ്യുന്ന സ്ഥാപനം |

പെട്രോൾ, ഡീസൽ തുടങ്ങിയവ സ്റ്റോക്ക് ചെയ്യുന്ന മേൽ സ്ഥാപനത്തിന് Petroleum And Explosives Safety Organisation (PESO) -ൽ നിന്ന് ലഭ്യമായ ലൈസൻസ് കാലാവധി അവസാനിച്ചിട്ടുള്ളതാണ്. PESO യിൽ നിന്നും ലഭ്യമാകുന്ന ലൈസൻസ് പുതുക്കി സമർപ്പിക്കേണ്ടതാണ്.

ഒരിക്കൽ Fire NOC ലഭിച്ച പെട്രോൾ പമ്പുകൾ, ഫ്രഷ് NOC ഹാജരാക്കേണ്ടതില്ല എന്ന ഹൈക്കോർട്ട് ഉത്തരവ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ആദ്യം ലഭിച്ച Fire NOC യുടെ കോപ്പി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

(iii) പാരാമെഡിക്കൽ ലൈസൻസ് തുക അടവാക്കിയിട്ടില്ല

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനം പാരാമെഡിക്കൽ ലൈസൻസ് തുക അടവാക്കേണ്ടതാണ്.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനം |
|---|---|
| 195 | സിദ്ദീഖ് – അൽഹയാത്ത് ക്ലിനിക്കൽ ലബോറട്ടറി |

## 1-17 തീരദേശ അതോറിറ്റിയുടെ അനുമതി ലഭ്യമാക്കേണ്ടതാണ്

സലിം തളികശ്ശേരി എന്നവർ പുന്നയൂർ വില്ലേജ് സർവ്വേ നമ്പർ 15/1 ൽ ഉൾപ്പെട്ട സ്ഥലത്ത് 57.45 ചതുരശ്രമീറ്ററിൽ താമസാവശ്യത്തിനുള്ള കെട്ടിടം നിർമ്മിച്ചിട്ടുള്ളതാണ്. പ്രസ്തുത കെട്ടിടത്തിന് 255/C എന്ന കെട്ടിട നമ്പർ നല്കി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. കടലിൽ നിന്നുള്ള ദൂരം പ്ലാനിൽ രേഖപ്പെടുത്തി കാണുന്നില്ല. കെട്ടിടം നില്ക്കുന്നത് തീരദേശ നിയന്ത്രണ പരിധിയിൽ ഉൾപ്പെടുന്ന സ്ഥലത്താണോ എന്ന് പരിശോധിക്കേണ്ടതാണ്. 'സമാൻ റിസോർട്ട്' എന്ന പേരിൽ അറിയപ്പെടുന്ന ടി കെട്ടിടത്തിന് തീരദേശ അതോറിറ്റിയുടെ അനുമതി ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-18 പെർമ്മിറ്റ് - അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പാക്കേണ്ടതാണ്

ഫയൽ നം. A1/2231/20

ഷിഫാബ് & ഷെഫീല , പുന്നയൂർ എന്നവരുടെ ഉടമസ്ഥതയിൽ 433.38 ചതുരശ്ര മീറ്ററിൽ വീട് പണിയുന്നതിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. 300$m^2$ ന് മുകളിലും 1000 $M^2$ താഴെയുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫാറം 'L' യിൽ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ അനുവർത്തിക്കുന്നുണ്ടെന്ന് കെട്ടിട ഉടമ സ്വയം സാക്ഷ്യപ്പെടുത്തേണ്ടതും പ്ലാൻ തയ്യാറാക്കിയ ആർക്കിടെക്ട്/എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ചട്ടപ്രകാരമുള്ള മാനദണ്ഡങ്ങൾ ഉറപ്പാക്കിയതായി കാണുന്നില്ല. ചട്ടപ്രകാരമുള്ള മാനദണ്ഡങ്ങൾ ഉറപ്പാക്കി നിർമ്മാണാനുമതി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെ പദ്ധതികളിലെ അപാകങ്ങൾ

1) പ്രോജക്ട് നം.SO057/21 – വികലാംഗർക്ക് മുച്ചക്രവാഹനം

അടങ്കൽ : 400000/-

ചെലവ് : 400000/-

വൗച്ചർ നം. 22000723 തീ. 12.04.2020

മേൽ പദ്ധതിപ്രകാരം കെൽട്രോണിന് നല്കിയ ബില്ലിൽ(ഇൻവോയിസ് നം.5065/2019-20/30.11.2019 – 282190/-, 5066/2019-20 /30.11.2019 – 120000/-) 5 വാഹനങ്ങൾ വാങ്ങിയതായി കാണുന്നുണ്ട്. എന്നാൽ നാലു പേരുടെ രേഖകൾ മാത്രമേ ഫയലിലുള്ളൂ. ഉദയംതിരുത്തി കുഞ്ഞിമുഹമ്മദിന് മുച്ചക്രവാഹനം അനുവദിച്ചിട്ടുള്ളതായി ഫയലിൽ നിന്നും വ്യക്തമാകുന്നുണ്ട്. എന്നാൽ രേഖകളില്ല.

2) പ്രോജക്ട് നം.11/21 - അനുപൂരകപോഷകാഹാരം

അടങ്കൽ - 3186000 രൂപ

ചെലവ് – 2851401 രൂപ (വൗച്ചർ നം.22000860/29.05.20-78348/-, 22000857/14.05.20-399803/-, 22001094/01.02.21-18711/-, 22000808/19.08.20-704786/-, 22001092/01.02.21-144049/-, 22001093/01.02.21-16072/-, 22001107/16.02.21-6237/-, കേന്ദ്രാവിഷ്കൃതഫണ്ട് -743607/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 200000/-, ജില്ലാ പഞ്ചായത്ത് വിഹിതം- 539788/- )

താഴെക്കൊടുത്തിട്ടുള്ള തുകകൾ എന്തിനുവേണ്ടി ചെലവഴിച്ചു എന്നതിന്റെ രേഖകൾ - ബിൽ, വൗച്ചറുകൾ എന്നിവ ഫയലിലില്ല.

485877/-, 20062/-, 75086/-, 162582/-

പ്രസ്തുത തുകകളുടെ രേഖകൾ സമർപ്പിച്ചിട്ടുണ്ട് എന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.35/ 29.04.2022) മറുപടി നല്കിയിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

3) ഫയലിൽ സൂക്ഷിച്ചിട്ടുള്ള TR-59(E) ബില്ലുകളിൽ ഒന്നും തന്നെ DDO സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-20 ഇ -ടെണ്ടർ ഫീ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2020 -21 വർഷത്തിൽ ഇ – ടെണ്ടർ പ്രാകാരം നടപ്പാക്കിയ വിവിധ മരാമത്തു പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. പുന്നയൂർ ഗ്രാമ പഞ്ചായത്തിന് അവകാശപ്പെട്ട ഇ – ടെണ്ടർ ഫീ ഇനത്തിലുള്ള തുകകൾ അവിടെ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല.ഓഡിറ്റ്

എൻക്വയറി 30/20.4.22.പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.മുൻ വർഷങ്ങളിലേതുൾപ്പെടെയുള്ള ഇ –ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള തുകകൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 മഴക്കാല പൂർവ്വ ശുചികരണം - ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല.

Vr.No.22000092.dtd.11.5.2020. 200000/ -

മഴക്കാല പൂർവ്വശുചീകരണ പ്രവൃത്തികൾ ചെയ്യുന്നതിനായി പുന്നയൂർ FHC മെഡിക്കൽ ഓഫീസർക്ക് തനതു ഫണ്ടിൽ നിന്നും വാർഡൊന്നിന് 10000/ - രൂപ നിരക്കിൽ 20 വാർഡ്കൾക്ക് മൊത്തം 200000/ - രൂപ നൽ കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ചെയ്തതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ശുചിത്വ മിഷനിൽ നിന്നും തുക കിട്ടുന്ന മുറയ്ക്ക് തുക തനത് ഫണ്ടിലേക്ക് റീ -ക്രൂപ്പ് ചെയ്യേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക 200000/ - രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.22/27.04.22)

## 1-22 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം,ലേല നടപടി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020 -21 വർഷത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികളിൽ കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കുഴിച്ചെടുത്ത മണ്ണിന്റെ മൂല്യം കണക്കാക്കി ലേല നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.ഓഡിറ്റ് എൻക്വയറി നം.15/27.4.22. വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും ആയതിന് മറുപടി നല്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര്, നമ്പർ | ട്രഷറി ബിൽ നം.തിയതി, തുക. | കുഴിച്ചെടുത്ത മണ്ണിന്റെ അളവ്. |
|---|---|---|
| ശിവാജി റോഡ് കാന നിർമ്മാണം. S0050/20 | 23/20 -21.dtd.11.5.20. 180435/ - | 24.62 M3. |
| ഒറ്റയിനി മദ്രാസ ബീച്ച് റോഡ് കാന നിർമ്മാണം. S0221/20 | 36/20 -21.dtd.21.8.20. 149731/ - | 26.400m3. |
| ADLP സ്കൂൾകിരാമൻകുന്ന് റി - ടാറിംഗ് & ഡ്രെയിനേജ്. S0222/20 | 34/20 -21. Dtd.24.8.20. 330928/ - | 36.07 M3. |

കുഴിച്ചെടുത്ത മണ്ണിന്റെ മൂല്യം കണക്കാക്കി ലേല നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 കാലി ബാരലിന്റെ വില ബില്ലിൽ കുറവ് ചെയ്തിട്ടില്ല.

അസി എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ റോഡ് ടാറിംഗ് പ്രവൃത്തികളിൽ പ്രവൃത്തിയ്ക്ക് വേണ്ടി ഉപയോഗിച്ചിട്ടുള്ള ബിറ്റുമിന്റെ കാലി ബാരലിന്റെ എണ്ണം രേഖപ്പെടുത്തി ആയതിന്റെ വില(ജി.എസ്.ടി.ഉൾപ്പെടെ) ബില്ലിൽ കുറവ് ചെയ്തിട്ടില്ല.ബിറ്റുമിൻ അഡ്വക്കസി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.എന്നാൽ ഏതാനും ബില്ലുകളിൽ കാലി ബാരലിന്റെ വില കുറവ് ചെയ്തിട്ടുണ്ട്.കാലി ബാരലിന്റെ വില കുറവ് ചെയ്യാത്ത പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര്, നമ്പർ. | ട്രഷറി ബിൽ നം.,തിയതി, തുക, | റിമാർക്ക്സ്. |
|---|---|---|
| ADLP സ്കൂൾ കിരാമൻകുന്ന് റോഡ് റി - ടാറിംഗ് & ഡ്രെയിനേജ്.s0222/20. | 34/20 -21.dtd.24.8.20. 3309928/ - | കാലി ടാർ വീപ്പയുടെ എണ്ണം കണക്കാക്കി തുക ബില്ലിൽ കുറവ് ചെയ്തിട്ടില്ല. |
| പഞ്ചവടി ബീച്ച് റോഡ് റി-ടാറിംഗ്.s0136/21. | 82/20 -21. Dtd.17.3.21. 289521/ - | -ടി - |
| ത്വാഹ പള്ളി റോഡ് റി -ടാറിംഗ്. S0140/21. | 94/20 -21.dtd.31.3.21. 791368/ - | - ടി - |
| മിനി സെന്റർ കടവ് റോഡ് റി - ടാറിംഗ്. S099/21. | 57/20 -21. Dtd.18.11.20. 235607/ - | - Do - |
| പഞ്ചായത്ത് ഗ്രൗണ്ട് ഫാം റോഡ് ടാറിംഗ്. S0138/21. | 86/20 -21. Dtd.27.3.21. 89702 /- | - Do - |
| ചങ്ങാടം കാജ കമ്പനി റോഡ് റി - ടാറിംഗ്. S0248/21. | 93/20-21.dtd. 115000/ - | -Do - |
| പഞ്ചവടി നോർത്ത് സുഹറ റോഡ് റി - | 91/ 20 -21.dtd. | -Do - |

| | | |
|---|---|---|
| ടാറിംഗ്. So139/21. | 31.3.21. 551336/ - | |
| രവി റോഡ് റി - ടാറിംഗ്.so135/21. | 56/20 -21. Dtd.18.11.20. 226751/ - | -Do - |
| പഞ്ചവടി 2ndലിങ്ക് റോഡ് റി -ടാറിംഗ്. So135/21. | 81/20 -21. Dtd.17.3.21. 139925/ - | -Do - |
| പഞ്ചവടി 1stലിങ്ക് റോഡ് റി -ടാറിംഗ്. So134/21. | 83/20 -21.dtd. 17.3.21. 162889/ - | - Do - |
| എം.എച്ച് മദ്രാസ സ്കൂൾ ലിങ്ക് റോഡ് ടാറിംഗ് & സൈഡ് പ്രൊട്ടക്ഷൻ. So193/20. | 43/20 -21.dtd.24.10.20. 337481/ - 58/20 -21. Dtd.18.11.20. 622165/ - 59/20 -21.dtd. 18.11.20. 394724/ - | - Do - |

മുകളിൽ പറഞ്ഞിരിക്കുന്ന പ്രോജക്ടുകളിൽ ഉപയോഗിച്ച ബിറ്റുമിനിന്റെ അളവനുസരിച്ച് ലഭ്യമായ കാലി ടാർ വീപ്പകളുടെ എണ്ണം കണക്കാക്കി ആയതിന്റെ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 കോസ്റ്റ് ഫോർഡിനെ ഏല്പിച്ച ജോലികൾ സമയ ബന്ധിതമായി പൂർത്തികരിക്കുന്നില്ല.

2020 -21 വർഷങ്ങളിൽ അസി.എഞ്ചിനിയർ നടപ്പാക്കിയ വിവിധ പദ്ധതികൾ (സ്പിൽ ഓവർ) ഉൾപ്പെടെ കോസ്റ്റ് ഫോർഡിന് മുൻകൂർ തുകകൾ നല്കിയിട്ടുണ്ട്. എന്നാൽ കോസ്റ്റ് ഫോർഡ് സമയ ബന്ധിതമായി പ്രവൃത്തി പൂർത്തികരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. അസി.എഞ്ചിനിയറുടെ ഭാഗത്തു നിന്നും പ്രവൃത്തി പൂർത്തികരിക്കുന്നതിൽ നടപടി സ്വീകരിച്ചതിന്റെ യാതൊരു വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.ഓഡിറ്റ് എൻക്വയറി 31/29.4.22.പ്രകാരം വിവരങ്ങൾ ആരാഞ്ഞെങ്കിലും ആയതിന് മറുപടി നൽകിയിട്ടില്ല.ഓരോ പ്രോജക്ടിനും വേണ്ടി ചെലവഴിച്ച തുകയുടെ വിവരങ്ങൾ, പൂർത്തികരിക്കാത്തതിന്റെ കാരണങ്ങൾ, പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ എന്നിവ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നു. കോസ്റ്റ് ഫോർഡിമായി അസി.എഞ്ചിനിയർ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും കരാർ തിയതി പൂർത്തികരണ തിയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. പല പ്രോജക്ടുകളോടൊപ്പം അളവ് പുസ്തകം ഹാജരാക്കിയിട്ടില്ല. സമയ ബന്ധിതമായി പൂർത്തികരിക്കാത്ത പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. പനന്തറ Sc.കുടി വെള്ളപദ്ധതി. So232/21.

2.വളയംതോട് കുടിവെള്ള പദ്ധതി. So233/21.

3.മന്ദലാംകുന്ന് ചിൽഡ്രൻസ് പാർക്ക്. So200/19

4.കാർഷിക സമുച്ചയം. So201/21.

5.ഫീഡിംഗ് റൂം, വനിത സൗഹൃദ ടോയ് ലറ്റും.so204/21.

കോസ്റ്റ് ഫോർഡിനെഏല്പിച്ച പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-25 പൊതുമരാമത്തു പ്രവൃത്തികൾ - പൊതു പരാമർശം.

അസി.എഞ്ചിനിയർ 2020 -21 വർഷങ്ങളിൽ ഏകദേശം 90ൽപരം പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ഫയലുകൾ ഏറെ കുറെ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. എന്നിരുന്നാലും ഏതാനും ഫയലുകളിൽ മുഴവൻ രേഖകൾ, വിവരങ്ങൾ എന്നിവയുടെ കുറവുകൾ കാണാൻ കഴിഞ്ഞു.പ്രോജക്ടുകളിൽ ഒന്നും തന്നെ ഫോം നം.1ൽ പൂർത്തീകരണ സാക്ഷ്യപത്രം അസി.എഞ്ചിനിയർ തയ്യാറാക്കി വയ്ക്കുന്നില്ല.ഏതാനും ഫൈനൽ ബില്ലുകൾഅളവ്വ പുസ്തകങ്ങൾ എന്നിവയിൽ മെമ്മോറാണ്ടം ഓഫ് പേമെന്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കരാറുകാർക്ക് നല്കുന്ന സെലക്ഷൻ നോട്ടീസിൽ തിയതി രേഖപ്പെടുത്തുന്നില്ല, എഗ്രിമെന്റ് വയ്ക്കേണ്ട തിയതി,പൂർത്തീകരണ തിയതി എന്നിവ രേഖപ്പെടുത്തി കാണുന്നില്ല.പ്രോജക്ടുകൾ റിവൈസ് ചെയ്യുമ്പോൾ റിവൈസ്ഡ് പ്രോജക്ടിന്റെ കോപ്പികൾ ഫയലിൽ സൂക്ഷിക്കുന്നില്ല .മത്സാരധിഷ്ഠിത ടെണ്ടറുകൾ തുലോം കുറവായാണ് കാണുന്നത്.മത്സാരധിഷ്ഠിത ടെണ്ടറുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.ബിറ്റുമിൻ ആഡ്വക്കസി ഏതാനും അളവ്വ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല. ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.കാലി ടാർ വീപ്പയുടെ തുക കുറവ് ചെയ്യാതെയുള്ള തുക കരാറുകാർക്ക് നല്കിയിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണിന്റെ വിവരം, ലേല നടപടി വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.കോസ്റ്റ് ഫോർഡിനെ ഏല്പിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നില്ല. ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിലെ കോളങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തി എ.ഇ. സാക്ഷ്യപ്പെടുത്തുന്നില്ല. മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ലീഗൽ ചാർജ്ജജസ്- സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

പഞ്ചായത്തിൽ തൻ വർഷത്തിൽ വിവിധ കേസുകളിലായി വക്കീൽ ഫീസ് നൽകിയതിന്റെ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി കാണുന്നില്ല. കോടതി വ്യവഹാരങ്ങളെ സംബന്ധിച്ച സുപ്രധാന രേഖയായതിനാൽ കേസിന്റെ സീരിയൽ നമ്പർ, ഫയൽനമ്പർ, സ്യൂട്ട് നമ്പർ, കോടതി, അഡ്വക്കറ്റിന്റെ വിവരങ്ങൾ, കേസിന്റെ സ്വഭാവം, കേസിന്റെ പുരോഗതി, ജഡ്ജ്മെന്റ് വിവരങ്ങൾ, അപ്പീൽ വിവരങ്ങൾ, ഫീസ് നൽകിയതിന്റെ വിവരങ്ങൾ, ആദായ നികുതി വിവരങ്ങൾ തീർപ്പാകാതെ അവശേഷിക്കുന്ന കേസുകളുടെ വിവരങ്ങൾ മുതലായവ രേഖപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ ഉത്തരവാദിത്ത്വപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-27 ലോഗ് ബുക്ക് പരിപാലനം-അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ46 -ബി-4659 ബൊലറൊ ജീപ്പിന്റെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ. ഫ്യൂവൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. തന്മൂലം ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലാണെന്നും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 15-2-18 തിയ്യതിയിലെ D-1/KL/G -631/17-18 സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധന ക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല

2)വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം എഴുതിയിട്ടുള്ളത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല ,പ്രതിമാസ സംഗ്രഹം എല്ലാ മാസവും എഴുതുന്നില്ല.

3) അറ്റകുറ്റ പണികളെ കുറിച്ചുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കുലർ നം. 41/2008/ധന/02/08/2008പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുാണ്.

## 1-28 ബൈലോക്ക് അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

പുന്നയൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് , വായനശാലകളുടെ നടത്തിപ്പ് സംബന്ധിച്ച് ബൈലോ തയ്യാറാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 10തിയ്യതി 25/04/22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം. കരട് ബൈലോ തയ്യാറാക്കി ആയതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട് സാധൂകരണം സർക്കാരിൽ നിന്ന് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമല്ല വായനശാലകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് ബൈലോക്ക് ചട്ടപ്രകാരം സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്.

## 1-29 തൊഴിലുറപ്പ് പദ്ധതി പൊതു അവലോകനം

2020-21 വർഷത്തിൽ പുന്നയൂർ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ വിവിധ പദ്ധ തുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വരവ് - | 41601358 |
| ആകെ ചെലവ് - | 41593357 |
| നീക്കിയിരുപ്പ് - | 8001 |
| തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണം | 1553 |
| നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾ | 689 |
| വിഭാവനം ചെയ്ത പദ്ധതികൾ | 360 |
| പൂർത്തിയാക്കിയ പദ്ധതികൾ | 360 |
| വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 4347 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 103148 |

ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ 100% പൂർത്തിയാക്കിയിട്ടുള്ളതായും, മൊത്തം അടങ്കൽ തുകയുടെ 99% ചെലവഴിച്ചതായും കാണുന്നു. തൊഴിൽ ലഭ്യമാക്കിയ 1553കുടുംബങ്ങളിൽ നൂറ് ദിനം പൂർത്തിയാക്കിയത് കേവലം 689 കുടുംബങ്ങൾ മാത്രമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

വരും വർഷങ്ങളിൽ കൂടുതൽ വൈവിദ്ധ്യമുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 രേഖകൾ ഹാജരാക്കിയില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്റ്റ് | ഫണ്ട് | അടങ്കൽ | ചെലവ് | ഇ വൗച്ചർ തുക |
|---|---|---|---|---|---|
| 1. | 13/21വിവാഹ ധനസഹായം(scp) | വികസനഫണ്ട് | 600000 | 600000 | 600000 22001091/28-1-21 |
| 2. | 20/21ബഡ്സ് സ്കൂൾ കുട്ടികൾക്ക് | വികസനഫണ്ട് | 50000 | 48492(24981+23511) | 1.24981 |

| | | | | | |
|---|---|---|---|---|---|
| | ഭക്ഷണം | | | | 22001202/28-1-21<br>2.23511<br>22001209/25-3-21 |
| 3. | 21/21ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യ വികസനം | വികസനഫണ്ട്-700000<br>തനതുഫണ്ട്-400000 | 1100000 | 652650വികസനഫണ്ട്-412650<br>തനതുഫണ്ട്-240000 | 47950<br>22001090/25-1-21<br>220700<br>2200853/22-7-20 |
| 4. | 47/21വിവാഹ ധനസഹായം(scp) Spill Over | വികസനഫണ്ട്(scp)2080000 | 525000 | 525000<br>(225000+75000+75000+150000) | 1.225000<br>2200748/12-4-21<br>2.75000<br>22000736/12-4-21<br>3.75000<br>22000737/12-4-21<br>4.150000<br>2200738/12-4-21 |
| 5. | 100/21വിശപ്പ രഹിത കേരളം | വികസനഫണ്ട് | 102347 | 102347 | 102347<br>22001200/6-10-20 |
| 6. | 224/21എസ്.സി വാട്ടർടാങ്ക്(spill Over) | വികസനഫണ്ട്(scp)2080000<br>തനത്2000<br>മറ്റുള്ളവ70000 | 280000 | 211650വികസനഫണ്ട്157237 ശേഷിക്കുന്ന54413 രൂപയുടെ ചെലവു വിവരം ലഭ്യമല്ല) | 157237<br>22001089/28-1-21 |

സുലേഖ സ്റ്റേറ്റുമെന്റ് പ്രകാരം ആകെ 7പദ്ധതി കളാണ് നടപ്പാക്കിയിട്ടുള്ളത്. ഇതിൽ അഗതി രഹിത കേരളം പദ്ധതിനിർവഹണവുമായി ബന്ധപ്പെട്ട് കുടുംബശ്രീ അക്കൗണ്ടിലേക്ക് കൈമാറിയ800000 രൂപയുടെചെലവു രേഖകൾ കുടുംബശ്രീനിർവഹണ ഉദ്യോഗസ്ഥ ഹാജരാക്കിയിട്ടുണ്ട്.ശേഷിക്കുന്ന 6പദ്ധതികളുടെ ചെലവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ27-4-22 ലെ 20 ാം നമ്പർഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.6പദ്ധതികളുടെ ചെലവുമായി ബന്ധപ്പെട്ട 2140139രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 ജല സുരക്ഷ - കിണർ റീചാർജ്ജ് -തൊഴിലുറപ്പ് പദ്ധതിയിൽ കൂട്ടതലായി ഉൾപ്പെടുത്തണം .

കനാലുകളുടേയും, മറ്റ് ജലാശയങ്ങളുടേയും സാമീപ്യത്താൽ ജല സമൃദ്ധമാണെങ്കിലും പുന്നയൂർ ഗ്രാമ പഞ്ചായത്തിന്റെ 2,3,4,5,6,7,8,9,12 വാർഡുകളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇതിന് പരിഹാരമായി പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ്ജ് ചെയ്യുകയാണെന്നതാണ് ജലസുരക്ഷ സംമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതി കൊണ്ട് ഉദ്ധേശിക്കുന്നത്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ കിണർ റീചാർജ്ജ് പ്രവർത്തികൾ ഉൾപ്പെടുത്താവുന്നതാണ് ,എന്നാൽ 2019-20 വർഷത്തിൽ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിരിക്കുന്ന പ്രവൃത്തികളിൽ ടി പ്രവൃത്തികൾ ഈയിനത്തിൽ നടപ്പാക്കി കാണുന്നില്ല ടി കാര്യത്തെപ്പറ്റി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 6,തിയ്യതി 23-04-22)ലഭ്യമാക്കിയ മറുപടി പ്രകാരം കഴിഞ്ഞ വർഷത്തിലെ വാർഷിക കർമ്മ പദ്ധതിയിൽ വിവിധ വാർഡുകളിലുമായി 102 കിണർ റീചാർജ്ജ് പ്രവർത്തികൾ ടെണ്ടർ മുഖേന നടത്തിയിട്ടുണ്ടെന്നാണറിയിച്ചിട്ടുള്ളത്,

പതിമൂനാം പദ്ധതി മാർഗ്ഗരേഖ 7.1 ബി. 3,4പ്രകാരം എല്ലാവർക്കും എന്നും ശുദ്ധമായ കുടിവെള്ളം എന്നതായിരിക്കണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യം, കൂടാതെ ജലവിതരണ പ്രവർത്തനങ്ങളേക്കാൾ ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായിരിക്കണം മുൻഗണന നൽകേണ്ടത്. റീചാർജ്ജ് ആവശ്യമായ കിണറുകൾ സമഗ്രമായ സർവ്വേയും മറ്റും നടത്തി കണ്ടെത്തേണ്ടതും ഗ്രാമസഭകളിലും ആവശ്യമെങ്കിൽ പ്രത്യക ജലഗ്രാമസഭകളും മറ്റും നടത്തി ബോധവൽക്കരണം നടത്തേണ്ടതും വരും വർഷങ്ങളിൽ ആക്ഷൻ പ്ലാനിൽ ഈ പ്രവർത്തിക്ക് കൂടുതൽ ഊന്നൽ കൊടുക്കുന്നതിന് പ്രാധാന്യം നൽകേണ്ടതാണ്. അതുവഴി കുടിവെള്ള ക്ഷാമത്തിന് ശ്വാശത പരിഹാരം കണ്ടെത്തേണ്ടതുമാണ്.

## 1-32 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾക്കായി കൈമാറിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമനം | പദ്ധതി നം /പദ്ധതിയുടെ പേര് | തുക അനുവദിച്ചത് | ബിൽ നം / വൗച്ചർ നംയ തിയതി | തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 1/20 ഐ കെ എം പ്രവർത്തന ഫണ്ട് വരിസംഖ്യ | ഐ കെ എം | 1/20-21 /2.6.20 | 153792 | |
| 2 | സ്ട്രീറ്റ് ലൈൻ വലിക്കൽ പോസ്റ്റ് മാറ്റൽ | കെ എസ് ഇ ബി , പുന്നയൂർക്കുളം, ചാവക്കാട് സെക്ഷൻ | 5/20-21 /6.7.20 | 94288 | 1)അംഗൻവാടി നം 57ലേക്ക് ലൈൻ വലിച്ച് കണക്ഷൻ എടുക്കുന്നതിന് 22102 രൂപയും അംഗൻവാടി നം 40ലേക്ക് ലൈൻ വലിച്ച് കണക്ഷൻ എടുക്കുന്നതിന് 17347രൂപയും അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. 2)കെ എസ് ഇ ബി യുമായി കരാറിലേർപ്പെട്ടിട്ടില്ല |
| 3 | 34/21 കാൻ - തൃശ്ശൂർ പദ്ധതിയ്ക്ക് ജില്ല പഞ്ചായത്തിന് വിഹിതം നൽകൽ | ജില്ല പഞ്ചായത്ത് | 36/20-21 /20.3.21 | 100000 | കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല |

വിനിയോഗവിവരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 തെരുവ് വിളക്ക് പരിപാലനം - അപാകതകൾ

2020-21 ൽ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ - ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി കാണുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം - 32/21

ബിൽ നം - 14/20-21/28.9.20 തുക - 199800

മേൽ പദ്ധതി പ്രകാരം സ്ട്രീറ്റ് ലൈൻ ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം രണ്ട് സ്ഥാപനങ്ങൾ പങ്കെടുക്കുകയും ഇതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ എ കെ എഞ്ചിനീയറിംഗ് , തൃശ്ശൂർ എന്ന സ്ഥാപനത്തെ 14.7.20 ലെ 20(1) ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രാകരം സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകി . ഇൻവോയ്സ് നം 23/25.7.20പ്രകാരം സാധനങ്ങൾ വിതരണം ചെയ്യുകയും ആയത് സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാങ്ങിയ ഉപകരണങ്ങളൊന്നും തന്നെ ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല. സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും വാറന്റി സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. 2019-20, 20-21വർഷങ്ങളിൽ തെരുവ് വിളക്ക് റിപ്പയറിംഗിനായി തുക ചെലവഴിച്ചതായും കാണുന്നില്ല.

2)കഴിഞ്ഞ മിനി മാസ്റ്റ് സ്ഥാപിക്കൽ ( പ്രോജക്ട് നം . 252/21) എന്ന പദ്ധതിയിൽ അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നത്. മിനി മാസ്റ്റ് സ്ഥാപിക്കുന്നതിനായി സിൽക്ക് ഹാജരാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക 145128 ( വൗച്ചർ നം -22001062/26.3.21 ) രൂപ സ്ഥാപനത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്.9.3.21 ന് പ്രവൃത്തി പൂർത്തീകരിച്ചതായി സ്ഥാപനം അറിയിച്ചിട്ടുമുണ്ട്. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ ഇത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

3)20 വാർഡുകളിൽ ഷെയ്ഡും എൽ ഇ ഡി ബൾബും സ്ഥാപിക്കൽ

പ്രോജക്ട് നം -178/21

ബിൽ നം - 15/20-21/28.9.20 തുക - 349540

20 വാർഡുകളിലും എൽ ഇ ഡി ബൾബ് സ്ഥാപിക്കുന്നതിനാണ് പദ്ധതി .പദ്ധതി നടത്തിപ്പിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ സുജിത്ത് എ കെ എന്നയാളുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൻ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) തെരുവ് വിളക്ക സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലുംതെരുവ് വിളക്കുകളുടെ എണ്ണം, ഇനം, തരം എന്നിവ കാണിക്കുന്ന രീതിയില് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തന്നെ പഞ്ചായത്ത് പരിധിയിൽ എത്ര ഡബിൾ ട്യൂബ്, ഹൈമാസ്റ്റ്, മിനി ഹൈമാസ്റ്റ് , സോഡിയം ലാമ്പ് ഉണ്ട് എന്നത് സംബന്ധിച്ച കൃത്യമായ ഒരു വിവരം ലഭ്യമല്ല.

(2) കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം സൂക്ഷിച്ചിട്ടില്ല.

(3)കേടുവന്ന ഉപകരണങ്ങൾ/ബൾബുകൾ പഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിക്കുകയോ ആരെങ്കിലും പരിശോധിക്കുകയോ അൺ

സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

(4)15.9.2011-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3055/ഡി.എ.3/2011 നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, വൈദ്യുതി ബോർഡിന്റെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മേൽ നിർദ്ദേശങ്ങളൊന്നും തന്നെ പാലിക്കപ്പെട്ടതായി കാണുന്നില്ല.

മേൽ അപാകതകൾ ചൂണ്ടി കാണിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും ( എൻക്വയറി നം – 37/29.4.22)ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-34 അംഗൻവാടികൾക്ക് സ്ഥലം വാങ്ങൽ-വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം -127/21

ബിൽ നം – 33/20-21/20.3.21 തുക – 241336

പുന്നയൂർ പഞ്ചായത്തിലെ വാർഡ് 20ൽ 48ാംനമ്പർ അംഗൻവാടിയുള്ള സ്ഥലം മന്ദലംകുന്ന് ദേശത്ത് അസ്മ മുഹമ്മദാലി കൊമ്പത്തകായിൽ എന്നവരുടെ ഉടമസ്ഥതയിൽ പുന്നയൂർ വില്ലേജിലെ സർവെ നം 125/8ൽ ഉൾപ്പെടുന്ന 0.0121 ഹെക്ടറിൽ സർക്കാർ നിശ്ചയിച്ച വിലയിൽ വാങ്ങുന്നതിന് തീരുമാനിക്കുകയും ഭൂവില നിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരം 1.21 ആർ ഭൂമി ആർ ഒന്നിന് 185643 രൂപ വില നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. നഞ്ച എന്നാണ് കൈവശാവകാശ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇത് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ പ്രകാരമുള്ള വാങ്ങലിന് ഡി ഡി പി യുടെ 8.7.20ലെ അനുയോജ്യത സാക്ഷ്യപത്രം ലഭ്യമാക്കിയിരുന്നു. ആയതിൽ നിർദ്ദേശിച്ച പ്രകാരം താഴെപ്പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്താൻ ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി നൽകിയിരുന്നു( 37/29.4.22)എങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

പൊതു ആവശ്യത്തിനായി ഭൂമി രൂപാന്തരപ്പെടുത്തുന്നതിന് സർക്കാർ അനുമതി തേടിയിരുന്നോ ?

സ്ഥലം ചുറ്റമതിൽ നിർമ്മിച്ച് സംരക്ഷണം ഉറപ്പുവരുത്തിയിരുന്നോ?

സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.
മേൽ കാര്യങ്ങളിൽ വ്യക്തതവരുത്തേണ്ടതാണ്.

## 1-35 കരാറിൽ സെക്രട്ടറി ഒപ്പു വെയ്ക്കുന്നില്ല.

സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഭാഗമായി സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ കരാർ ചമച്ചിട്ടുണ്ടെങ്കിലും പല കരാറുകളിലും ബന്ധപ്പെട്ട സ്ഥാപനം മാത്രമാണ് ഒപ്പുവെയ്ക്കുന്നതായി കാണുന്നത്. കരാറിൽ സെക്രട്ടറി ഒപ്പു വെയ്ക്കുന്നില്ല.

| ക്രമ നം. | പദ്ധതി നം./പദ്ധതിയുടെ പേര് | കരാറിലേർപ്പെട്ട സ്ഥാപനം | പദ്ധതിയ്ക്കായി ചെലവഴിച്ച തുക |
|---|---|---|---|
| 1 | 30/21<br>കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുടെയും മെയിന്റനൻസ് | പി സി ക്ലിനിക്ക് | 49442 |
| 2 | 254/21<br>യു.പി.എസ്- ന് ബാറ്ററി വാങ്ങൽ | AEM ടെക്നോളജീസ്, എറണാകുളം | 89000 |

മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 വാർഡ് 7 ഗ്രാമകേന്ദ്രത്തിലേക്ക് ഫർണ്ണിച്ചർ - പദ്ധതിയിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
പ്രോജക്ട് – വാർഡ് 7 ഗ്രാമകേന്ദ്രത്തിലേക്ക് ഫർണ്ണിച്ചർ

പ്രോജക്ട് നം – 182/21
വൗച്ചർ നം -22000436 തി:22.10.20 തുക 74050

പദ്ധതി പ്രകാരം ടെണ്ടർ നടപടികളിലൂടെ കുറവ് നിരക്ക് രേഖപ്പെടുത്തിയ ഇംപാക്ട് എന്റർപ്രൈസസ്സ് എന്ന സ്ഥാപനത്തിൽ നിന്നും പ്ലാസ്റ്റിക് ചെയർ -150, എക്സി. ചെയർ – 20, ടേബിൾ 2, പ്രസംഗപീഠം 1 എന്നിവയാണ് വാങ്ങിയിരിക്കുന്നത് (ഇൻവോയ്സ് നം - 016/5.9.20) വാങ്ങിയത് സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടുണ്ടെങ്കിൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു (എൻക്വയറി നം. – 37/29.4.22) എന്നാൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. കൂടാതെ സ്ഥാപനവുമായി വെച്ച കരാറിൽ രേഖപ്പെടുത്തലുകളില്ലാത്തതും സെക്രട്ടറി ഒപ്പുവെച്ചിട്ടില്ലാത്തതുമാണ്. ഇ.എം.ഡി, എസ്.ഡി എന്നിവയുടെ എഫ്.ഡി രശീതുകൾ ഒറിജിനലുകൾ ഫയലിൽ സൂക്ഷിച്ചതായും കാണുന്നു. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-37 ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

സെക്രട്ടറിയുടെ ബിൽ ബുക്ക് പ്രകാരം (ട്രഷറി ബിൽ നം. 44486/30.4.20) 58000 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ ചെലവുതുക 58000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-38 കന്നുകുട്ടി പരിപാലനപരിപാടി - ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം തിരികെ ഈടാക്കേണ്ടതാണ്

പ്രൊജക്റ്റ് നമ്പർ – 77/20-21

പ്രത്യേക കന്നുകുട്ടി പരിപാലനപരിപാടി

നിർവ്വഹണം –വെറ്ററിനറി സർജൻ

അടങ്കൽ - 6,25,000/-

ചെലവ് - 3,12,500/-

ട്രഷറി ബിൽ നമ്പർ –12/27-11-20

ഈ പദ്ധതിക്കായി ആകെ 3,12,500/- രൂപ എസ്.എൽ.ബി.പിക്ക് കൈമാറിയിട്ടുണ്ട്.

പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ വ്യക്തിഗത നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ.മാമ്മു ,ശ്രീമതി ഹസീന അഷറഫ് എന്നീ ഗുണഭോക്താക്കൾ വിവിധ കാരണങ്ങളാൽ കാലിത്തീറ്റ വാങ്ങിയതായി കാണുന്നില്ല. ടി ഗുണഭോക്താക്കൾ പദ്ധതിയിൽ പങ്കാളിയായി തുടരാത്തവരാണെന്നും അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം (നമ്പർ 4/24/4/22) ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് എസ്.എൽ.ബി.പി യിൽ നിന്നും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശവും, മേൽ പറഞ്ഞ പ്രകാരം പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം ബാക്കി തുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം എന്നിവ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-39 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകണം

20-21വർഷത്തിൽ വെറ്ററിനറി സർജൻ നടപ്പാക്കിയ വിവിധ പക്ഷി വളർത്തൽ, മൃഗങ്ങളെ വളർത്തൽ പദ്ധതികളിലായി നിരവധി ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്, പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഇത്തരം പദ്ധതികളുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാവരും നിർബന്ധമായും മൃഗ സംരക്ഷണ, ക്ഷീര വികസന വകുപ്പ് ഇതിനായി നൽകുന്ന പരിശീലനങ്ങളിൽ പങ്കെടുത്ത് വിജയകരമായി പൂർത്തീകരിച്ചവരായിരിക്കണമെന്നും, ഇതിനായി എല്ലാ ഗുണഭോക്താക്കൾക്കും പരിശീലനം നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളിൽ ടി പരിശീലനം നേടിയവർ ഉണ്ടോയെന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5ന് ലഭ്യമാക്കിയ മറുപടി പ്രകാരം, ക്ഷീര വികസന വകുപ്പ് നൽകുന്ന പരിശീലനങ്ങളിൽ പങ്കെടുത്തിട്ടില്ലായെന്നും , വെറ്ററിനറി സർജൻ നടത്തുന്ന പരിശീലനങ്ങളിൽ പങ്കെടുത്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്

പദ്ധതികളുടേയും, ഗുണഭോക്താക്കളുടെയും ബാഹുല്യം കൊണ്ട് മാത്രം പദ്ധതികൾ വിഭാവനം ചെയ്യുന്ന മുഴുവൻ ലക്ഷ്യവും കൈവരിക്കാൻ സാധിക്കില്ല, മികച്ച രീതിയിലുള്ള പരിശീലനം അത്യന്താപേക്ഷിതമാണ്. ഫലപ്രദമായ പരിശീലനത്തിന് ശേഷം മാത്രം ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ് ഉത്തമം,കൂടാതെ,,മുട്ട,,മാംസം,,പാലുൽപ്പന്നങ്ങൾ മുതലായവയുടെ സംസ്കരണ യൂണിറ്റുകൾ സ്ഥാപിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതികളും വിഭാവനം ചെയ്യാവുന്നതാണ്.ആയതിനാൽ മാർഗ്ഗരേഖ പ്രകാരമുള്ള യോഗ്യതകൾ ഗുണഭോക്താക്കൾ കൈവരിക്കുന്നതിനായുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കണം

2020-21 വാർഷിക പദ്ധതിയുടെ ഭാഗമായ പന്ത്രണ്ടിന പരിപാടി -മാർഗ്ഗരേഖ (സ.ഉ.(കൈ)നം.45/2020/ത.സ്വ.ഭ.വ തിയ്യതി. 6/3/20 പ്രകാരം. ദേശീയ പാതകളുടേയും, അല്ലെങ്കിൽ തത്തുല്യ പ്രാധാന്യമുള്ള മറ്റ് റോഡരികുകളിലും, ബസ്സ്സ്റ്റാൻഡ്, മാർക്കറ്റ് തുടങ്ങി പൊതുജനം കൂടുതലായി വരുന്ന സ്ഥലങ്ങളിലും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ കൂടുതലായി ഏർപ്പെടുത്തണം പുന്നയൂർ പഞ്ചായത്തിൽ ടി നിർദ്ധേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.7 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ദേശീയ പാതയോരത്ത് സ്ഥലം ലഭ്യമല്ലായെന്നും, പഞ്ചവടി ബീച്ച് പരിസരത്ത് ലഭ്യമായിട്ടുള്ള സ്ഥലത്ത് ടി കേന്ദ്രം സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ദേശീയ പാത 66ന്റെ നവീകരണ പ്രവർത്തനങ്ങൾ കഴിയുമ്പോൾ ഗതാഗതം പതിന്മടങ്ങ് വർദ്ധിക്കുമെന്നതിനാൽ ടി മാർഗ്ഗരേഖ 4.2 പ്രകാരം ദേശീയ പാതയോരത്ത് സ്ഥലം ലഭ്യമാക്കി, കഴിയുന്നിടത്തോളം സി.എസ്.ആർ, എം.പി, എം.എൽ.എ ഫണ്ടുകൾ ഉപയോഗപ്പെടുത്തി വിശ്രമ കേന്ദ്രങ്ങൾ കൂടുതലായി ഏർപ്പെടുത്തണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-41 ധനകാര്യ കമ്മീഷൻ ഫണ്ട് വിനിയോഗം മാർഗ്ഗരേഖ പ്രകാരമല്ല

പദ്ധതി നമ്പർ – 220/19-20

ഭവന നിർമാണം ജനറൽ

നിർവ്വഹണം – വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

അടങ്കൽ----80,000/-

ചെലവ്--40,000/-

ട്രഷറി ബിൽ നമ്പർ -3/19-20

മേൽ പദ്ധതി പ്രകാരം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ച് ഭവന നിർമാണം (ജനറൽ) നടത്തിയിട്ടുണ്ട്. എന്നാൽ, സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ. മാർഗ്ഗരേഖ 6/6-1പ്രകാരം ടി ഫണ്ട് ഇത്തരം ആവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതല്ല. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8 തി.23/4)മറുപടി ലഭ്യമാക്കിയിട്ടില്ല. മേലിൽ ധനകാര്യ കമ്മീഷൻ ഫണ്ട് വിനിയാഗിക്കുമ്പോൾ മാർഗ്ഗരേഖ നിർദ്ധേശങ്ങൾ പാലിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1000000 | ലൈഫ് ഭവന പദ്ധതി (എസ്.സി.) | 940000 | 60000 |
| | | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠനസഹായവും ബത്തയും | 300000 | 100000 |
| | | 827200 | നെൽകൃഷി വികസനം | 400000 | 427200 |
| | | 500000 | പരിരക്ഷ പെയിൻ /പാലിയേറ്റീവ് പ്രോജക്റ്റ്. | 148550 | 351450 |
| | | 1200000 | ലൈഫ് ഭവന പദ്ധതി ജനറൽ | 1120000 | 80000 |
| | | 450000 | 2019-20 തോട്ടുങ്കൽ പള്ളി റോഡ്-മെറ്റലിങ് ടാറിങ് വാർഡ് 12 | 438270 | 11730 |
| | | 200000 | തരിശ് നെൽ കൃഷി വികസനം | 200000 | 0 |
| | | 300000 | അനുപൂരക പോഷകാഹാരം | 200000 | 100000 |
| | | 20000 | പച്ചക്കറി വികസനം | 20000 | 0 |
| | | 10000 | തരിശ് പച്ചക്കറി വികസനം | 10000 | 0 |
| | | 350000 | നരിമാൻ റോഡ് കോൺക്രീറ്റിങ് വാർഡ് 11 | 342889 | 7111 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 3000000 | ലൈഫ് ഭവന പദ്ധതി (എസ്.സി.) | 217512 | 2782488 |
| | | 3000000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 1160000 | 1840000 |
| | | 450000 | പരിരക്ഷ- പെയിൻ & പാലിയേറ്റീവ് പ്രൊജക്ട് | 148550 | 301450 |
| | | 399600 | നെൽകൃഷി വികസനം | 224396 | 175204 |
| | | 1000000 | എം.എച്ച് മദ്രസ സ്കൂൾ ലിങ്ക് റോഡ് ടാറിങ് സൈഡ് പ്രൊട്ടക്ഷൻ ആൻഡ് കൾവർട്ട് വാർഡ് 1 | 959646 | 40354 |

| | | | | | |
|---|---|---|---|---|---|
| | | 400000 | തരിശ് നെൽ കൃഷി വികസനം | 400000 | 0 |
| | | 20000 | തരിശ് പച്ചക്കറി വികസനം | 20000 | 0 |
| | | 500000 | ലൈഫ് കാജാ കമ്പനി വളയം തോട് അവിയൂർ സ്കൂൾ ഒറ്റയിനി (ബീച്ച്) മിനി ഹൈ മാസ്റ്റ് ലൈറ്റുകൾ,മന്ദലാം കുന്ന് ബീച്ച് എം എച്ച് ലൈറ്റ് സ്ഥാപിക്കൽ | 500000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കോസ്റ്റ് ഫോർഡ് | 1. അഗ്രികൾച്ചർ സ്റ്റോർ ഹൗസ് നിർമ്മാണം | | 1586210 | 433105 | 1153105 |
| | 2. കുരഞ്ഞിയൂർ എസ്.സി. കമ്മ്യൂണിറ്റി ഹാൾ | | | | |
| | 3. മന്ദലാംകുന്ന് ചിൽഡ്രൻസ് പാർക്ക് | | | | |
| KWA | പനന്തറ കുടിവെള്ള പദ്ധതി | | 24525 | 0 | 24525 |
| KSEB | 20 വാർഡുകളിൽ തെരുവ് വിളക്കിന് ലൈൻ വലിക്കൽ | | 1724199 | 0 | 1724199 |
| | 187/20 നാലാംകല്ല് റോഡ് -പനന്തറ എസ്സ്.സി കോളനി വരെ ഇലക്ട്രിക്ക് ലൈൻ വലിക്കൽ | | 215067 | 0 | 215067 |
| | 133/20 ആറാം വാർഡില് പോസ്റ്റ് സ്ഥാപിച്ച് സ്ട്രീറ്റ് ലൈൻ വലിക്കൽ | | 86128 | . | 86128 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 സ്ഥിര നിക്ഷേപം

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വായ്പയുടെ തുക വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് - HUDCO | | | 24132829 | 2985020 | 0 | 21147809 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2012-13 | 4(3)2/12 | 2014-15 | 4.3.12 | മല്ലിക പുന്നയൂർ, കർഷക തൊഴിലാളി പെൻഷൻ തിരിച്ചടവ് സംബന്ധിച്ച് | 4800/- രൂപ ചലാൻ പ്രകാരം കർഷക തൊഴിലാളി പെൻഷൻ ഹെഡിൽ തിരിച്ചടച്ചു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89749463 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 116955299 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2398139 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 200000 | ശ്രീ. സുഭാഷ്.പി.ബി. സെക്രട്ടറി |
| 1-30 | 2140139 | ശ്രീ. സുരേഷ് ബാബു ചിറ്റഴി, അസി. സെക്രട്ടറി |
| 1-37 | 58000 | ശ്രീ. സുഭാഷ്.പി.ബി, സെക്രട്ടറി |
| ആകെ | 2398139 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നം. | പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|
| 1-21 | ശ്രീ. സുഭാഷ്.പി.ബി. സെക്രട്ടറി | പേരിഞ്ചേരി ഹൗസ്, പെരുമ്പിള്ളിശ്ശേരി (പി.ഓ) തൃശ്ശൂർ |
| 1-30 | ശ്രീ. സുരേഷ് ബാബു ചിറ്റഴി, അസി. സെക്രട്ടറി | ചിറ്റഴി ഹൗസ്, ആറ്റൂപുറം, തൃശ്ശൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 65-66 മുതൽ 93-94 വരെ | നം.എൽ.എഫ്.ടി.(എസ്2) -1315/11/ 14-07.2011 |
| 96-97 | നം.എൽ.എഫ്.ടി. 17/560/98/30-08-98 / 31-12-98 |
| 97-98 | നം.എൽ.എഫ്.ടി. 13/14/1456/04-02-05 |
| 98-99 | നം.എൽ.എഫ്.ടി. 13/1455/04/02-05-05 |
| 99-00 | നം.എൽ.എഫ്.ടി. 13/1454/04/02-05-05 |
| 00-01 | നം.എൽ.എഫ്.ടി. 13/1453/04/02-05-05 |
| 01-02 | നം.എൽ.എഫ്.ടി. 13/1203/03/11-05-04 |

| | |
|---|---|
| 02-03 | നം.എൽ.എഫ്.ടി. 13/1030/08/31-03-09 |
| 03-04 | നം.എൽ.എഫ്.ടി. 13/1031/08/31-03-09 |
| 04-05 | നം.എൽ.എഫ്.ടി.13/1032/08/31-03-09 |
| 05-06 | നം.എൽ.എഫ്.ടി. 13/238/10/28-01-2011 |
| 07-08 | നം.എൽ.എഫ്.ടി. 13/1215/10/24-02-11 |
| 08-09 | നം.എൽ.എഫ്.ടി. 13/1216/10/,26-02-11/06-09-11 |
| 09-10 | നം.എൽ.എഫ്.ടി.പി. 4/1094/12,12-09-12 /5-03-13 |
| 10-11 | നം.എൽ.എഫ്.ടി.പി.4/1095/12,12-09-12 /05-03-13 |
| 11-12 | നം.എൽ.എഫ്.ടി.പി. 8/195/1407-02-14 / 08-04-14 |
| 12-13 | നം.എൽ.എഫ്.ടി.പി. 8/1761/1410-06-15 /3-08-15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1180/16/15.2.16/8.3.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1227/2016, 24.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി8)6/2017, 27.01.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1714/2017, 29.11.2017/11.12.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1726/2018, 04.02.19 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി8)1044/2019 തീയതി:03/09/2019 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ(പി11) 683/2022 തീയതി:03.07.2022 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പുന്നയൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പുന്നയൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്